**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4550** **19-07-2022 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവർക്കും പരിക്ക് പറ്റുന്നവർക്കും സ്വത്ത് വകകൾ നഷ്ടപ്പെടുന്നവർക്കും ഇപ്പോൾ നഷ്ടപരിഹാരമായി എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 05.04.2018 ലെ സ.ഉ.(കൈ) നം. 17/2018/വനം നമ്പർ ഉത്തരവ് പ്രകാരം വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപ നഷ്ടപരിഹാരമായി അനുവദിച്ചു വരുന്നു. വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റ് മരണം സംഭവിച്ചാൽ നഷ്ടപരിഹാരം 2 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണം മൂലം സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപവരെയും, പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെയും പ്രസ്തുത ഉത്തരവ് പ്രകാരം അനുവദിച്ച് വരുന്നു. വന്യമൃഗങ്ങളുടെ ആക്രമണം മൂലം പരിക്ക് പറ്റുന്ന പട്ടികവർഗ്ഗക്കാരുടെ<br>കാര്യത്തിൽ ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകുന്നതാണ്. വീടുകൾ / കുടിലുകൾ, കൃഷി, കന്നുകാലികൾ എന്നിവയ്ക്ക് വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക്, കണക്കാക്കപ്പെടുന്ന തുകയുടെ 100% പരമാവധി 1 ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും അനുവദിക്കുന്നു. |
| (ബി) | വന്യജീവി ആക്രമണം ചെറുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന വിവരം ലഭ്യമാക്കാമോ? | (ബി) | സംസ്ഥാനത്തെ വനാതിർത്തിയോട് ചേർന്നുണ്ടാകുന്ന മനുഷ്യ വന്യജീവി സംഘർഷം മൂലമുള്ള മരണങ്ങൾ കൃഷിനാശം എന്നിവ ഒഴിവാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പും വനം വകുപ്പും യോജിച്ച് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് ഇരു വകുപ്പുകളിലെയും മന്ത്രിമാർ 14.09.2021-ന് യോഗം ചേരുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വന്യജീവി ആക്രമണം തടയുന്നതിനുള്ള നടപടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടുന്ന സർക്കുലർ പുറപ്പെടുവിക്കുവാൻ |

| | | | |
|---|---|---|---|
| | | | തീരുമാനിക്കുകയും നടപടികൾ തുടർന്ന് വരികയുമാണ്. വന്യജീവി ആക്രമണ പ്രതിരോധത്തിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തക്ക രീതിയിൽ വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ തദ്ദേശീയരും ജന പ്രതിനിധികളും വന ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ 07/02/2017 ലെ സ.ഉ. (സാ .ധാ) 51/ 2017/വനം നമ്പർ ഉത്തരവ് പ്രകാരം രൂപികരിച്ച് 2017 മുതൽ പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് / മുൻസിപ്പൽ ചെയർപേഴ്സൺ അദ്ധ്യക്ഷനും, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് / മുൻസിപ്പൽ വൈസ് ചെയർപേഴ്സൺ ഉപാദ്ധ്യക്ഷനും, ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എന്നിവർ അംഗങ്ങളുമായ 261 ജനജാഗ്രതാ സമിതികൾ നിലവിൽ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ അഡ്വൈസറി പ്രകാരം സംസ്ഥാന ജില്ലാ തലങ്ങളിൽ ഏകോപന സമിതികൾ രൂപീകരിച്ച് 09/12/2021-ലെ G.O.(Rt) No.402/2021/F&WLD പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. കാട്ടു പന്നികളെ നിയമാനുസൃതം കൊല്ലുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഓണററി വൈൽഡ് ലൈഫ് വാർഡന് / അധികാരപ്പെട്ട ഉദ്യോഗസ്ഥന് ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം നൽകിക്കൊണ്ട് 28/05/2022, 31/05/2022 എന്നീ തീയതികളിൽ സർക്കാർ ഉത്തരവായിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ